# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 10.09.2024** | **പ്രധാന വാർത്തകൾ** | **TIME : 07.25 AM**

1. ആണവോർജ്ജം, പെട്രോളിയം ഉൾപ്പെടെ അഞ്ച് മേഖലകളുമായി ബന്ധപ്പെട്ട കരാറുകളിൽ ഇന്ത്യയും യു.എ.ഇ യും ഒപ്പുവച്ചു.

   **India & UAE sign five agreements for cooperation in various fields including nuclear energy & petroleum.**

2. രണ്ട് ദിവസത്തെ സന്ദർശനത്തിനായി വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ഇന്ന് ജർമ്മനിയിലെത്തും. ജർമ്മൻ വിദേശകാര്യ മന്ത്രിയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും.

   **External Affairs Minister S Jaishankar will be on a two-day visit to Germany beginning today. During his visit to Berlin, Dr Jaishankar will meet German Federal Foreign Minister.**

3. കാൻസർ ചികിത്സാ മരുന്നുകളുടെ ജി.എസ്.ടി 12 ശതമാനത്തിൽ നിന്നും 5 ശതമാനമാക്കി കുറയ്ക്കാൻ ജി.എസ്.ടി കൗൺസിൽ യോഗത്തിൽ തീരുമാനം.

   **The GST council has decided to slash Goods and Service Tax (GST) on cancer drugs by 5%.**

4. എംപോക്സ് ലക്ഷണങ്ങൾ കണ്ടെത്തുന്നവരിൽ പരിശോധനയും നിരീക്ഷണവും ശക്തമാക്കാൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും മാർഗ നിർദേശം നൽകി ആരോഗ്യമന്ത്രാലയം.

   **Centre has asked States and Union territories to conduct screening and testing of all suspect cases of Mpox.**

5. ഗസയിൽ വെടിനിർത്തലിന് ആഹ്വാനം ചെയ്ത് ഇന്ത്യ. ഇസ്രായേൽ - പലസ്തീൻ വിഷയത്തിൽ, ദ്വിരാഷ്ട്ര പരിഹാരത്തിനും നിർദ്ദേശം

**New Delhi calls for ceasefire in Gaza ; Reiterates two-state solution for Israel-Palestine conflict.**

6. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ താത്ക്കാലിക വീടുകളിൽ കഴിയുന്ന കുടുംബങ്ങൾക്കുള്ള വാടക ഓണത്തിന് മുമ്പ് നൽകുമെന്ന് മന്ത്രി കെ രാജൻ.

**In the wake of the Wayanad landslide disaster, Minister K Rajan said that the rent for the families living in temporary houses will be paid before Onam.**

**&&&&&&&&&&&&&**

## PM-UAE CROWN PRINCE

അബുദാബി കിരീടാവകാശി ഷെയ്ഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ രാഷ്ട്രപതി ദ്രൗപദി മുർമുവുമായും, പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ചരിത്രപരമായി അടുത്തബന്ധമാണ് ഇന്ത്യയ്ക്കും, യുഎഇയ്ക്കും ഇടയിലുള്ളതെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു വ്യക്തമാക്കി. ഇന്ത്യ-യു.എ.ഇ ബന്ധം ശക്തിപ്പെടുത്തുന്നതിനും, തന്ത്രപരമായ പങ്കാളിത്തം വിശാലമാക്കുന്നതിനുമുള്ള സാധ്യതകളെക്കുറിച്ചാണ് പ്രധാനമന്ത്രി നരേന്ദ്രമോദിയുമായുള്ള കൂടിക്കാഴ്ചയിൽ ചർച്ചയായത്. ബരാഖ് ആണവോർജ്ജം, പെട്രോളിയം ഉൾപ്പെടെ അഞ്ച് മേഖലകളുമായി ബന്ധപ്പെട്ട കരാറുകളിലും ഇരു രാജ്യങ്ങളും ഒപ്പുവച്ചു. ഇന്ന് മുംബൈയിൽ നടക്കുന്ന വ്യവസായ പ്രമുഖരുടെ ബിസിനസ് ഫോറത്തിലും അബുദാബി കിരീടാവകാശി പങ്കെടുക്കും.

**&&&&&&&&&&&&&**

## JAISHANKAR-GERMANY VISIT (INTRO)

രണ്ട് ദിവസത്തെ സന്ദർശനത്തിനായി വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ഇന്ന് ജർമ്മനിയിലെത്തും. ഉഭയകക്ഷി ബന്ധം അവലോകനം ചെയ്യുക, സഹകരണത്തിനുള്ള കൂടുതൽ സാദ്ധ്യതകൾ പരിശോധിക്കുക എന്നിവ ലക്ഷ്യമിട്ട് അദ്ദേഹം ജർമ്മൻ വിദേശകാര്യ മന്ത്രിയുമായും മറ്റ് പ്രധാന നേതാക്കളുമായും കൂടിക്കാഴ്ച നടത്തും. ഇന്ത്യയുടെ സുപ്രധാന വ്യാപാര പങ്കാളിയും, രാജ്യത്തേക്ക് നേരിട്ടുള്ള വിദേശ നിക്ഷേപത്തിൻ്റെ പ്രധാന സ്രോതസുമാണ് ജർമനി.

**വിശദാംശങ്ങളിലേക്ക്.................**

(വോയിസ്)

## JAISHANKAR-GERMANY VISIT (VOICE)

ജർമ്മൻ ചാൻസലർ ഒലാഫ് ഷോൾസിൻ്റെ അടുത്ത മാസത്തെ ഇന്ത്യ സന്ദർശനത്തിന് വഴിയൊരുക്കുന്നതാണ് വിദേശകാര്യ മന്ത്രിയുടെ ജർമൻ സന്ദർശനമെന്ന് വിലയിരുത്തപ്പെടുന്നു. ഇന്നലെ റിയാദിൽ നടന്ന ഇന്ത്യ-ഗൾഫ് സഹകരണ കൗൺസിൽ മന്ത്രിതല സമ്മേളനത്തിൽ വിദേശകാര്യ മന്ത്രി സഹ അധ്യക്ഷനായി പങ്കെടുത്തിരുന്നു. രാഷ്ട്രങ്ങൾ തമ്മിലെ പരസ്പര നിക്ഷേപങ്ങൾ തുടരാനും അഭിവൃദ്ധിക്കായുള്ള പ്രവർത്തനങ്ങളെ പിന്തുണയ്ക്കാനും വിദേശകാര്യ മന്ത്രി ആഹ്വാനം ചെയ്തു. ജിസിസിയെ ആഗോള ഊർജ വിതരണത്തിൻ്റെ ആണിക്കല്ലെന്ന് വിശേഷിപ്പിച്ച ശ്രീ ജയശങ്കർ, വിപണിയെ സ്ഥിരപ്പെടുത്തുന്നതിനും നവീകരണങ്ങൾ നടത്തുന്നതിനും ഊർജ സുരക്ഷ വർദ്ധിപ്പിക്കുന്നതിനും ആഴത്തിലുള്ള സഹകരണം ആവശ്യമാണെന്ന് അറിയിച്ചു. ത്രിരാഷ്ട്ര സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ, വിദേശകാര്യമന്ത്രി സ്വിറ്റ്സർലൻഡ് സന്ദർശിക്കും. വ്യാഴാഴ്ച ജനീവയിൽ എത്തുന്ന അദ്ദേഹം, ഇന്ത്യ സജീവമായി ഇടപെടുന്ന അന്താരാഷ്ട്ര സംഘടനകളുടെ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തും. ഇന്ത്യ - സ്വിറ്റ്സർലൻഡ് സഹകരണം സംബന്ധിച്ച് സ്വിസ് വിദേശകാര്യ

മന്ത്രിയുമായി ശ്രീ ജയശങ്കർ ചർച്ച നടത്തും. ന്യൂസ്ഡെസ്ക് ആകാശവാണി.....

&&&&&&&&&&&&&&

## AMIT SHAH–I4C CONEFERENCE

ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെൻ്ററിൻ്റെ ആദ്യ സ്ഥാപക ദിനമായ ഇന്ന് ന്യൂഡൽഹിയിൽ സംഘടിപ്പിച്ചിട്ടുള്ള ആഘോഷ പരിപാടിയെ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അഭിസംബോധന ചെയ്യും. ഈ അവസരത്തിൽ, സൈബർ കുറ്റകൃത്യങ്ങൾക്കെതിരായ സംരക്ഷണത്തിനുള്ള പ്രധാന സംരംഭങ്ങൾക്ക് ശ്രീ. ഷാ തുടക്കം കുറിക്കുകയും സൈബർ ഫ്രോഡ് മിറ്റിഗേഷൻ സെൻ്റർ രാജ്യത്തിന് സമർപ്പിക്കുകയും ചെയ്യും. സൈബർ സുരക്ഷ വർധിപ്പിക്കുന്നതിനായി സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും കേന്ദ്ര പോലീസ് സംഘടനകളിലും പരിശീലനം ലഭിച്ച സ്പെഷ്യലിസ്റ്റുകളുടെ വിഭാഗം രൂപികരിക്കുന്ന 'സൈബർ കമാൻഡോസ്' പരിപാടിയും അദ്ദേഹം ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&

## CENTRE– MPOX ADVISORY

എംപോക്സ് ലക്ഷണങ്ങൾ കണ്ടെത്തുന്നവരിൽ പരിശോധനയും നിരീക്ഷണവും ശക്തമാക്കാൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും ആരോഗ്യമന്ത്രാലയം മാർഗ നിർദേശം നൽകി. പൊതുജന ആരോഗ്യ മേഖലയിലെ തയ്യാറെടുപ്പുകൾ വിലയിരുത്താനും ജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കാനും മാർഗനിർദേശത്തിൽ പറയുന്നു. രാജ്യത്ത് എം പോക്സ് വൈറസ് ബാധ സ്ഥിരീകരിച്ച സാഹചര്യത്തിലാണ് ജാഗ്രത കർശനമാക്കിയത്. രോഗിയുടെ ആരോഗ്യനില തൃപ്തികരമാണെന്നും ജനങ്ങൾ പരിഭ്രാന്തരാകേണ്ട സാഹചര്യമില്ലെന്നും മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&

## PM PEOPLES PADMA

പത്മ അവാർഡുകൾക്കുള്ള നാമനിർദ്ദേശ പ്രക്രിയയിൽ സജീവമായി പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ജനങ്ങളോട് അഭ്യർഥിച്ചു. awards.gov.in എന്ന ഔദ്യോഗിക പോർട്ടലിലൂടെയാണ് നാമനിർദ്ദേശം ചെയ്യേണ്ടത്. നിർണായക സംഭാവനകൾ നൽകിയ താഴേത്തട്ടിലെ നായകന്മാരെ തിരിച്ചറിയേണ്ടതിൻ്റെ പ്രാധാന്യം ശ്രീ മോദി ഊന്നിപ്പറഞ്ഞു. ഇതിനകം നിരവധി നാമനിർദ്ദേശങ്ങൾ ലഭിച്ചതായും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിലൂടെ പങ്കുവെച്ചു. നാമനിർദ്ദേശം ചെയ്യാനുള്ള അവസാന തീയതി ഈ മാസം 15 ആണ്.

&&&&&&&&&&&&&&

## AIIMS TOBACCO

ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, ഇന്ന് ന്യൂഡൽഹിയിൽ പുകയില നിർമാർജന ക്ലിനിക് ആരംഭിക്കും. ഇന്ത്യയിൽ പുകയിലയുടെ ഉപയോഗം ഉയർത്തുന്ന സുപ്രധാന പൊതുജനാരോഗ്യ വെല്ലുവിളിയെ അഭിമുഖീകരിക്കുകയാണ് ലക്ഷ്യം. നാഷണൽ ഡ്രഗ് ഡിപൻഡൻസ് ട്രീറ്റ്മെൻ്റ് സെൻ്ററും, ഇൻസ്റ്റിറ്റ്യൂട്ടിൻ്റെ പൾമണറി, ക്രിട്ടിക്കൽ, സ്ലീപ് മെഡിസിൻ ഡിപ്പാർട്ട്മെൻ്റും സഹകരിച്ചാണ് ക്ലിനിക്ക് സംഘടിപ്പിച്ചിരിക്കുന്നത് . പുകയില രഹിത എയിംസ് പദ്ധതിയുടെ ഭാഗമായി ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള നിർണായക ചുവടുവയ്പ്പാണ് പുകയില നിർമാർജന ക്ലിനിക് എന്ന് ഡൽഹി എയിംസ് ഡയറക്ടർ പ്രൊഫസർ എം ശ്രീനിവാസ് പ്രസ്താവനയിൽ പറഞ്ഞു.

&&&&&&&&&&&&&&

## ASIA-PACIFIC MINISTERIAL CONFERENCE

വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട ഏഷ്യ-പസഫിക് മന്ത്രിതല യോഗത്തിന്റെ രണ്ടാം പതിപ്പിന് ഇന്ത്യ ആതിഥേയത്വം വഹിക്കും. നാളെയും മറ്റന്നാളുമായി ന്യൂഡൽഹിയിലാണ് യോഗം നടക്കുന്നത്. വ്യോമയാന മേഖലയിൽ പ്രാദേശികവും സുസ്ഥിരവുമായ വികസനമാണ് ഇന്ത്യ ലക്ഷ്യംവെക്കുന്നതെന്നും ഇതിനായി ഉഡാൻ പോലുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും കേന്ദ്രമന്ത്രി കിഞ്ചരാപ്പു റാംമോഹൻ നായിഡു പറഞ്ഞു.

&&&&&&&&&&&&&&

## SEMICON INDIA 2024

ഉത്തർപ്രദേശിലെ ഗ്രേറ്റർ നോയിഡയിൽ ആരംഭിക്കുന്ന സെമിക്കൺ ഇന്ത്യ 2024 പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഉദ്ഘാടനം ചെയ്യും. രാജ്യത്തെ അർദ്ധചാലക മേഖലയെ ഉയർത്താനും ഈ മേഖലയിൽ ഇന്ത്യയെ ഒരു പ്രധാന ആഗോള മത്സരാർത്ഥിയാക്കാനും ലക്ഷ്യമിട്ടുകൊണ്ടാണ് പരിപാടി സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&

## GST COUNCIL - MEETING

കാൻസർ ചികിത്സാ മരുന്നുകളുടെ ജി.എസ്.ടി 12 ശതമാനത്തിൽ നിന്നും 5 ശതമാനമാക്കി കുറയ്ക്കാൻ ജി.എസ്.ടി കൗൺസിൽ യോഗത്തിൽ തീരുമാനം. ധനമന്ത്രി നിർമലാ സീതാരാമൻറെ അധ്യക്ഷതയിൽ ഇന്നലെ ന്യൂഡൽഹിയിൽ ചേർന്ന 54-മത് ജി.എസ്.ടി കൗൺസിൽ യോഗത്തിലാണ് തീരുമാനം. സർവകലാശാലകൾക്ക് ഗവേഷണത്തിനായി കേന്ദ്ര

സംസ്ഥാന സർക്കാരുകൾ നൽകുന്ന ഫണ്ടിനെ ജി.എസ്.ടിയിൽ നിന്ന് ഒഴിവാക്കി. മെഡിക്കൽ ഹെൽത്ത് ഇൻഷുറൻസിൻറെ ജി.എസ്.ടി കുറയ്ക്കുന്ന വിഷയം മന്ത്രിതല സമിതിക്ക് വിട്ടതായി ശ്രീമതി സീതാരാമൻ അറിയിച്ചു. സമിതി റിപ്പോർട്ട് അടുത്തമാസം സമർപ്പിക്കും.
(ഹോൾഡ്- വോയിസ്)

റിയൽ എസ്റ്റേറ്റ്, ഓൺലൈൻ ഗെയിമിങ്ങ്, കാസിനോ എന്നിവയിലെ നികുതി നിരക്ക് പരിശോധിക്കാൻ ചുമതലപ്പെടുത്തിയ മന്ത്രിതല സമിതി റിപ്പോർട്ട് സമർപ്പിച്ചതായും മന്ത്രി പറഞ്ഞു. ഓൺലൈൻ ഗെയിമിങ്ങുമായി ബന്ധപ്പെട്ട നികുതി വരുമാനം 412 ശതമാനം വർദ്ധിച്ചതായും ധനമന്ത്രി അറിയിച്ചു.

&&&&&&&&&&&&&

## JAISANKAR – GAZA

ഗസയിൽ എത്രയും വേഗം വെടിനിർത്തൽ കൊണ്ടുവരാനുള്ള ശ്രമങ്ങളെ ഇന്ത്യ പിന്തുണയ്ക്കുമെന്ന് വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ. സൗദി അറേബ്യയിലെ റിയാദിൽ ഇന്ത്യ - ഗൾഫ് സഹകരണ കൗൺസിൽ മന്ത്രിതല സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇസ്രായേൽ - പലസ്തീൻ വിഷയത്തിൽ, ദ്വിരാഷ്ട്ര പരിഹാരത്തിനുള്ള നിലപാടും വിദേശകാര്യമന്ത്രി ആവർത്തിച്ചു. സംഘർഷങ്ങൾ കൊണ്ട് ധ്രുവീകരിക്കപ്പെട്ട ലോകത്ത്, ആഗോള സമാധാനം, സുരക്ഷ, സ്ഥിരത എന്നിവ പുനഃസ്ഥാപിക്കാനുള്ള പ്രതിബദ്ധത ഇന്ത്യയും ജിസിസി രാജ്യങ്ങളും പങ്കിടുന്നതായി അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&

## K RAJAN

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ താത്ക്കാലിക വീടുകളിൽ കഴിയുന്ന കുടുംബങ്ങൾക്കുള്ള വാടക ഓണത്തിന് മുമ്പ് നൽകുമെന്ന് മന്ത്രി

കെ രാജൻ. ചുണ്ടേൽ സ്കൂളിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. താത്ക്കാലിക വീടുകളിൽ കഴിയുന്ന 535 കുടുംബങ്ങളുടെ വാടക തുക ബാങ്ക് അക്കൗണ്ടുകൾ മുഖേന നൽകുന്നതിന് വൈത്തിരി താലൂക്ക് ഓഫീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബന്ധുവീടുകളിലേക്ക് മാറി താമസിച്ച 174 പേരുടെ വിവരങ്ങൾ അടങ്ങിയ പുതിയ പട്ടിക മൂന്ന് അംഗ സംഘം പരിശോധിക്കുമെന്നും മന്ത്രി പറഞ്ഞു. റവന്യൂ ഉദ്യോഗസ്ഥരുടെ യോഗത്തിൽ ഇത് സംബന്ധിച്ച് പ്രത്യേകം നിർദ്ദേശം നൽകിയതായും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&

## DELHI FIRECRACKER BAN

രാജ്യതലസ്ഥാനത്ത് പടക്കങ്ങളുടെ നിർമാണത്തിനും സംഭരണത്തിനും വില്പനയ്ക്കും ഉപയോഗത്തിനും വിലക്ക് ഏർപ്പെടുത്തി ഡൽഹി സർക്കാർ. ശൈത്യ കാലത്ത് വായുമലിനീകരണം കൂടാൻ സാധ്യതയുള്ളതിന്റെ പശ്ചാത്തലത്തിലാണ് തീരുമാനമെന്ന് ഡൽഹി പരിസ്ഥിതി മന്ത്രി ഗോപാൽ റായ് പറഞ്ഞു. 2025 ജനുവരി ഒന്നുവരെയാണ് വിലക്ക്.

&&&&&&&&&&&&&

## ODISHA FLOOD

ബംഗാൾ ഉൾക്കടലിൽ ന്യൂനമർദം രൂപപ്പെട്ടതിനെ തുടർന്നുണ്ടായ മഴയുടെ ഫലമായി ഒഡീഷയിലെ തെക്കൻ ജില്ലകളായ മൽക്കൻഗിരി, കോരാപുട്ട് എന്നിവിടങ്ങളിൽ വെള്ളപ്പൊക്കമുണ്ടായി. ആയിരക്കണക്കിന് ആളുകളെ സമീപത്തെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിച്ചു. രക്ഷാപ്രവർത്തനങ്ങൾക്കായി ഒഡീഷ ഡിസാസ്റ്റർ റാപ്പിഡ് ആക്ഷൻ ഫോഴ്സിനെ മൽക്കൻഗിരി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. രണ്ട് ജില്ലകളിലെ സ്ഥിതിഗതികൾ നേരിടുന്നതിനുള്ള തയ്യാറെടുപ്പുകൾ അവലോകനം ചെയ്യാൻ സംസ്ഥാന സർക്കാർ ഇന്നലെ ഉന്നതതല

യോഗം ചേർന്നു. അഞ്ച് തീരപ്രദേശങ്ങളിലും സമീപ ജില്ലകളിലും അടുത്ത 24 മണിക്കൂറിനുള്ളിൽ അതിശക്തമായ മഴ പെയ്യുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&

## HOCKEY–ASIA CHAMPIONSHIP

ചൈനയിൽ നടക്കുന്ന പുരുഷന്മാരുടെ ഹോക്കി ഏഷ്യൻ ചാമ്പ്യൻസ് ട്രോഫിയിൽ ഇന്നലെ നടന്ന മത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ ജപ്പാനെ ഒന്നിനെതിരെ അഞ്ച് ഗോളുകൾക്ക് പരാജയപ്പെടുത്തി. ഉദ്ഘാടന മത്സരത്തിൽ ആതിഥേയരായ ചൈനയെയും ഇന്ത്യ പരാജയപ്പെടുത്തിയിരുന്നു. നാളത്തെ മത്സരത്തിൽ മലേഷ്യയാണ് ഇന്ത്യയുടെ എതിരാളി.

&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&

&&&